REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-02-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

1. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിംഗ് പുരോഗമിക്കുന്നു. ആദ്യ നാലു മണിക്കൂറിൽ 20 ശതമാനത്തോളം പോളിംഗ്.
2. കിഫ്ബി റോഡുകളിൽ നിന്ന് ടോൾ പിരിക്കാൻ എടുത്ത തീരുമാനം കാലത്തിന് അനുസരിച്ചുണ്ടാകുന്ന മാറ്റമാണെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ
3. തൊടുപുഴ CSR ഫണ്ട് തട്ടിപ്പ് 1000 കോടി രൂപ കടക്കുമെന്ന് പോലീസ് വിലയിരുത്തൽ.
4. മുക്കത്ത് ഹോട്ടൽ ജീവനക്കാരിയെ ഉപദ്രവിക്കാൻ ശ്രമിച്ച സംഭവത്തിൽ ഹോട്ടൽ ഉടമയെ പോലീസ് പിടികൂടി.
5. ദേശീയ ഗെയിംസിൽ 22 മെഡലുമായി കേരളം എട്ടാം സ്ഥാനത്ത്.

## വാർത്തകൾ വിശദമായി

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിംഗ് പുരോഗമിക്കുന്നു. ആദ്യ നാലു മണിക്കൂർ പൂർത്തിയായപ്പോൾ വോട്ടിംഗ് ശതമാനം 20 ന് അടുത്തെത്തി. ഒടുവിൽ കിട്ടിയ റിപ്പോർട്ട് അനുസരിച്ച് 19.95 ശതമാനമാണ് പോളിംഗ്.

രാഷ്ട്രപതി ദ്രൗപതി മുർമു, മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, കേന്ദ്ര മന്ത്രിമാരായ എസ് ജയശങ്കർ, ഹർദീപ് സിംഗ് പുരി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ഡൽഹി മുഖ്യമന്ത്രിയും AAP നേതാവുമായ അതിഷി, ലഫ്റ്റനന്റ് ജനറൽ V.K സക്സേന തുടങ്ങി പ്രമുഖർ രാവിലെ തന്നെ വോട്ട് രേഖപ്പെടുത്തി. വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. ഒരു കോടി 56 ലക്ഷത്തിലേറെ വോട്ടർമാർ 699 സ്ഥാനാർത്ഥികളിൽ നിന്ന് സ്വന്തം പ്രതിനിധികളെ തെരഞ്ഞെടുക്കും.

ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ് രിവാൾ, ഡൽഹി മുഖ്യമന്ത്രി അതിഷി, BJP-യുടെ വിജേന്ദർ ഗുപ്ത, പ്രവേശ് വർമ, രമേശ് ബിധുരി, കൈലാഷ് ഗലോട്ട്, കോൺഗ്രസിന്റെ സന്ദീപ് ദീക്ഷിത്, ഹറൂൺ യൂസഫ്, അൽക്കാ ലാംബ, തുടങ്ങിയ പ്രമുഖർ മത്സര രംഗത്തുണ്ട്.

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിൽ പങ്കെടുക്കുന്ന പോളിംഗ് ഉദ്യോഗസ്ഥരുടെയും സുരക്ഷാ സേനയുടെയും ശ്രമങ്ങളെ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അഭിനന്ദിച്ചു. സമാധാനപരവും നീതിയുക്തവുമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും രാജീവ് കുമാർ അറിയിച്ചു.

✪✪✪

അമേരിക്കയിൽ നിന്ന് നാടുകടത്തിയ 110 ഇന്ത്യൻ കുടിയേറ്റക്കാരെ ഉച്ചയോടെ അമൃത്സർ വിമാനത്താവളത്തിലെത്തിക്കും. US സൈനിക വിമാനത്തിലാണ് ഇവരെ കൊണ്ടുവരുന്നത്.

ഇമിഗ്രേഷൻ നിയമങ്ങൾ കർശനമാക്കി അനധികൃത കുടിയേറ്റക്കാരെ പുറത്താക്കുന്നതിന്റെ ഭാഗമായാണ് നടപടിയെന്ന് ഡൽഹിയിലെ US എംബസി വക്താവ് അറിയിച്ചു.

✪✪✪

കിഫ്ബി റോഡുകളിൽ നിന്ന് ടോൾ പിരിക്കാൻ എടുത്ത തീരുമാനം കാലത്തിന് അനുസരിച്ചുണ്ടാകുന്ന മാറ്റമാണെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ പറഞ്ഞു. സംസ്ഥാനത്തിന്റെ വികസനത്തിന് ടോൾ പിരിവ് അത്യാവശ്യമാണെന്നും ടോൾ പിരിവ് LDF തത്വത്തിൽ തീരുമാനിച്ചതാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

ടോൾ എത്രയാണെന്ന് തീരുമാനിക്കേണ്ടത് മന്ത്രിസഭയാണെന്നും ടോൾ പിരിവ് നയംമാറ്റമായി വ്യാഖ്യാനിക്കേണ്ടെന്നും TP രാമകൃഷ്ണൻ മാധ്യമങ്ങളോട് വിശദീകരിച്ചു.

✪✪✪

തൊടുപുഴ സ്വദേശി അനന്തു കൃഷ്ണന്റെ CSR ഫണ്ട് തട്ടിപ്പ് 1000 കോടി രൂപ കടക്കുമെന്ന് പോലീസ് വിലയിരുത്തി. ഇയാളുടെ ഒരു അക്കൗണ്ടിൽ മാത്രം എത്തിയത് 400 കോടി രൂപയാണ്. അതിൽ ശേഷിക്കുന്നത് മൂന്ന് കോടി രൂപ മാത്രമാണ്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

**....(വോയ്സ്)....**

**സന്നദ്ധ സംഘടനകളുടെ കൂട്ടായ്മയായ നാഷനൽ NGO കോൺഫെഡറേഷന്റെ പേരിലായിരുന്നു തട്ടിപ്പ്. പകുതി വിലയ്ക്ക് ഇലക്ട്രിക് സ്കൂട്ടർ, തയ്യൽ മെഷീൻ, ലാപ്ടോപ്പ് തുടങ്ങിയവ വാഗ്ദാനം ചെയ്താണ് പണം തട്ടിയത്.**

**6000 രൂപ റജിസ്ട്രേഷൻ ഫീസും വാങ്ങുന്ന സാധനത്തിന്റെ പകുതി വിലയും മുൻകൂറായി നൽകണം. ബാക്കി തുക വൻകിട കമ്പനികളുടെ CSR ഫണ്ടിൽ നിന്നും ലഭ്യമാക്കും. സംസ്ഥാനത്ത് 62 സീഡ് സൊസൈറ്റികൾ സ്ഥാപിച്ചായിരുന്നു പണപ്പിരിവ്.**

**കണ്ണൂർ ജില്ലയിൽ നിന്നാണ് നിലവിൽ ഏറ്റവും കൂടുതൽ പരാതികൾ. 2,000 പരാതികളാണ് അവിടെ ഇതുവരെ ലഭിച്ചത്. എറണാകുളം ജില്ലയിൽ നിന്നു മാത്രം 700 കോടി രൂപ തട്ടിയെടുത്തു. ജില്ലയിൽ 2000 പേർ ഗുണഭോക്തൃ വിഹിതം അടച്ചു കാത്തിരിക്കുന്നു. 60,000 മുതൽ 85,000 രൂപവരെയാണ് മുൻകൂറായി നൽകിയത്.**

**കോഴിക്കോട് ജില്ലയിൽ 5564 പേരും പണമടച്ചു കാത്തിരിക്കുന്നുണ്ട്. ഇവരെല്ലാം വരും ദിവസങ്ങളിൽ പരാതി നൽകും.അനന്തു കൃഷ്ണന്റെ ഫ്ളാറ്റുകളിലും സ്ഥാപനങ്ങളിലും പോലീസ് റെയ്ഡ് നടത്തി.**

✪✪✪

**കോഴിക്കോട് മുക്കത്ത് ഹോട്ടൽ ജീവനക്കാരിയെ ഉപദ്രവിക്കാൻ ശ്രമിച്ച സംഭവത്തിൽ ഹോട്ടൽ ഉടമ ദേവദാസിനെ പോലീസ് കുന്ദംകുളത്ത് കസ്റ്റഡിയിലെടുത്തു. കേസിൽ രണ്ട് പേർ കൂടി പിടിയിലാകാനുണ്ട്.**

**ഹോട്ടൽ ജീവനക്കാരി കെട്ടിടത്തിൽ നിന്നും ചാടിയ സംഭവത്തിൽ അടിയന്തര അന്വേഷണത്തിന് മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന വനിതാ കമ്മീഷനും ഉത്തരവിട്ടു. കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി അന്വേഷണം നടത്തി രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം. ഹോട്ടലുടമയും മറ്റ് രണ്ട് പേരും താമസസ്ഥലത്ത് കയറി യുവതിയെ ഉപദ്രവിക്കാൻ ശ്രമിച്ചതായി ബന്ധുക്കൾ പരാതിയിൽ പറയുന്നു.**

✪✪✪

**വയനാട് പൂക്കോട് വെറ്ററിനറി കോളേജ് വിദ്യാർഥിയായിരുന്ന J.S സിദ്ധാർത്ഥന്റെ മരണത്തെ തുടർന്ന് യൂണിവേഴ്സിറ്റി പുറത്താക്കിയ 18 വിദ്യാർത്ഥികളെ കോളേജിൽ തിരികെ പ്രവേശിപ്പിക്കാമെന്ന സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് ഡിവിഷൻ ബെഞ്ച് തടഞ്ഞു. ആന്റി റാഗിങ് കമ്മിറ്റി വിചാരണയ്ക്ക് ശേഷം മൂന്ന് വർഷത്തേക്ക് പുറത്താക്കിയ വിദ്യാർത്ഥികളെ മണ്ണുത്തി കോളേജിൽ കോടതി നിർദ്ദേശപ്രകാരം കഴിഞ്ഞ**

ആഴ്ച വീണ്ടും പ്രവേശിപ്പിച്ചിരുന്നു. ഇതിനെതിരെ സിദ്ധാർത്ഥന്റെ മാതാപിതാക്കൾ ഡിവിഷൻ ബെഞ്ചിനുനൽകിയ അപ്പീലിലാണ് ഉത്തരവ്.

✪✪✪

ഹൈസ്കൂളുകളിൽ 29,000 റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതികളുടെ പൂർത്തീകരണ പ്രഖ്യാപനവും ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പും ഈ മാസം എട്ടിന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരം കാര്യവട്ടം ഐസി ഫോസിൽ ഉദ്ഘാടനം ചെയ്യും. കുട്ടികൾ തയ്യാറാക്കിയ റോബോട്ടിക് ഉല്പന്നങ്ങളുടെ പ്രദർശനവും ഇതോടൊപ്പം ഉണ്ടായിരിക്കും.

✪✪✪

UDF ന്റെ നേതൃത്വത്തിൽ പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന മലയോര സമര യാത്ര ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.

വൈകിട്ട് നെയ്യാറ്റിൻകര താലൂക്കിലെ അമ്പൂരിയിൽ സമാപന സമ്മേളനം AICC ജനറൽ സെക്രട്ടറി ദീപ ദാസ് മുൻഷി ഉദ്ഘാടനം ചെയ്യും.

✪✪✪

അമൃത് ഭാരത് പദ്ധതിയിൽ ഷൊർണൂർ റയിൽവെ ജംഗ്ഷനിലെ പ്രവൃത്തികൾ 94 ശതമാനവും പൂർത്തീകരിച്ചതായി സതേൺ റെയിൽവേ ജനറൽ മാനേജർ RN.സിംഗ് അറിയിച്ചു. നവീകരണ പ്രവർത്തനങ്ങളിലെ പുരോഗതി അദ്ദേഹം വിലയിരുത്തി. പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ അരുൺ കുമാർ ചതുർവേദിയും ജനറൽ മാനേജർക്കൊപ്പം ഉണ്ടായിരുന്നു.

✪✪✪

ഗതാഗതക്കുരുക്ക് രൂക്ഷമായ ദേശീയപാതയിലെ കണ്ണൂർ പുതിയ തെരുവിൽ അഞ്ചുദിവസത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഗതാഗത പരിഷ്കരണം തുടരാൻ തീരുമാനം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

..........(വോയ്സ്).........

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസിൽ 28 സ്വർണ്ണമുൾപ്പെടെ 53 മെഡലുകളുമായി കർണാടക ഒന്നാം സ്ഥാനത്ത് തുടരുന്നു. 22

സ്വർണമുൾപ്പെടെ 41 മെഡലുകളുമായി സർവീസസ് രണ്ടാം സ്ഥാനത്തും 16 സ്വർണമുൾപ്പെടെ 77 മെഡലുകളുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്.

9 സ്വർണ്ണവും 8 വെള്ളിയും അഞ്ച് വെങ്കലവുമടക്കം 22 മെഡലുകളുമായി എട്ടാം സ്ഥാനത്താണ് കേരളം.

✪✪✪

ISL ഫുട്ബാളിൽ ഇന്ന് മോഹൻ ബഗാൻ - പഞ്ചാബ് FC യെ നേരിടും. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകിട്ട് 7:30 നാണ് മത്സരം.

✪✪✪

കേരള ഷട്ടിൽ ബാഡ്മിന്റൺ അസോസിയേഷന്റെ നേതൃത്വത്തിൽ ജില്ലാ ഷട്ടിൽ ബാഡ്മിന്റൺ അസോസിയേഷൻ സംഘടിപ്പിക്കുന്ന സംസ്ഥാന ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് കണ്ണൂരിൽ ആരംഭിച്ചു. കക്കാട് ഡ്രീം ബാഡ്മിന്റൺ അറീനയിലാണ് മത്സരം നടക്കുന്നത്.

സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായാണ് മത്സരം.

✪✪✪

ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷനിൽ വൈകിട്ട് ഹിന്ദു ഏകതാ സമ്മേളനം RSS സർസംഘ് ചാലക് ഡോ. മോഹൻ ഭഗവത് ഉദ്ഘാടനം ചെയ്യും. ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദ പ്രഭാഷണം നടത്തും.

ഗതാഗത നിയന്ത്രണത്തിന്റെ ഭാഗമായി കോഴഞ്ചേരി, ചെറുകോൽ, അയിരൂർ എന്നീ മൂന്നുഗ്രാമപഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ഉച്ച കഴിഞ്ഞ് പ്രാദേശിക അവധിയായിരിക്കും. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമല്ല.

✪✪✪

കഴിഞ്ഞ മാസത്തെ റേഷൻ വിതരണം ഇന്ന് അവസാനിക്കുമെന്നും നാളെ സംസ്ഥാനത്തെ റേഷൻ കടകൾക്ക് അവധിയായിരിക്കുമെന്നും അധികൃതർ അറിയിച്ചു. ഈ മാസത്തെ റേഷൻ വിതരണം വെള്ളിയാഴ്ച ആരംഭിക്കും.

✪✪✪

സംസ്ഥാനത്ത് സ്വർണ വില കുതിച്ചുയരുന്നു. പവന് ഇന്ന് 760 രൂപ കൂടി, 63,240 രൂപയിലെത്തി.

✪✪✪

**കോഴിക്കോട്ട് ക്രിസ്മസ് പരീക്ഷ ചോദ്യ ചോർച്ച കേസിൽ രണ്ടു പേരെ ക്രൈം ബ്രാഞ്ച് കസ്റ്റഡിയിലെടുത്തു. സ്വകാര്യ സ്ഥാപനത്തിൽ അധ്യാപകരായി പ്രവർത്തിക്കുന രണ്ട് പേരെയാണ് അന്വേഷണ സംഘം കസ്റ്റഡിയിലെടുത്തത്. നേരത്തെ സ്ഥാപനത്തിൽ പരിശോധന നടത്തുകയും ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുകയും ചെയ്തിരുന്നു.**

✪✪✪

**കൊല്ലത്തു വിവാഹച്ചടങ്ങിൽ പങ്കെടുത്ത് മടങ്ങിയവരെ പത്തനംതിട്ടയിൽ പൊലീസ് മർദിച്ചതായി പരാതി. ഇന്നലെ രാത്രിയാണ് സംഭവം. സ്ത്രീകളും കുട്ടികളുമടക്കം 20 അംഗ സംഘത്തിനു നേരെയായിരുന്നു പൊലീസ് മർദ്ദനം. പരിക്കേറ്റ് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ കഴിയുന്നവരിൽ നിന്നും പൊലീസ് മൊഴി രേഖപ്പെടുത്തി. പത്തനംതിട്ട പൊലീസ് സ്റ്റേഷനിലെ S I എസ്.ജിനുവും സംഘവും ആളുമാറി വിവാഹ സംഘത്തെ മർദ്ദിച്ചെന്നാണ് പരാതി.**

✪✪✪

---

***News Editor: വി കെ സുരേഷ്***
***News Reader: ശരണ്യ രാജൻ***
***Casual News Reader: സയ്യിദ് അലി ശിഹാബ്,***
***DEO: ഷീബ***